# Athmaraksha.org

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## മക്കളില്ലാത്തവരും, മക്കൾ വഴിതെറ്റി ജീവിക്കുന്നതും




നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയതിനെ ഞാൻ തിരിയെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും (എസെക്കിയേൽ 34:16).

നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (ലൂക്കാ 19:10).

നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും; എന്റെ അടുക്കൽവന്നു പ്രാർഥിക്കും. ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും (ജറെമിയാ 29:11-12).

ജനതകളുടെ ഇടയിലേക്കു നോക്കി വിസ്മയഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു (ഹബക്കുക്ക് 1:5).

ഈ കുഞ്ഞിനു വേണ്ടിയാണു ഞാൻ പ്രാർഥിച്ചത്; എന്റെ പ്രാർഥന കർത്താവ് കേട്ടു (1 സാമുവൽ 1:27).

നിങ്ങൾക്ക് എന്തു തോന്നുന്നു, ഒരാൾക്ക് നൂറ് ആടുകൾ ഉണ്ടായിരിക്കെ, അതിലൊന്ന് വഴിതെറ്റിപ്പോയാൽ തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ട്, അവൻ വഴിതെറ്റിയതിനെ അന്വേഷിച്ചുപോകയില്ലേ? (മത്തായി 18:12).

യേശു അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ് (മത്തായി 19:26).

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ (റോമാ 8:28).

സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപിച്ചു തന്നവൻ

അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ? (റോമാ 8:32).

ഞാൻ സകല മർത്ത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ? (ജറെമിയാ 32:27).

ദർശനം അതിന്റെ സമയം പാർത്തിരിക്കുകയാണ്. ആ സമയം അടുത്തുകൊണ്ടിരിക്കുന്നു. അതിനു മാറ്റമുണ്ടാവുകയില്ല. അതു വൈകുന്നെങ്കിൽ അതിനായി കാത്തിരിക്കുക. അതു തീർച്ചയായും വരും. അതു താമസിക്കുകയില്ല (ഹബക്കുക്ക് 2:3).

എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു; അവിടുന്ന് എനിക്കുത്തരമരുളും (സങ്കീർത്തനങ്ങൾ 120:1).

കർത്താവിന്റെ മുൻപിൽ സ്വസ്ഥനായിരിക്കുക; ക്ഷമാപൂർവം അവിടുത്തെ കാത്തിരിക്കുക (സങ്കീർത്തനങ്ങൾ 37:7).

രാത്രിയിൽ,യാമങ്ങളുടെ ആരംഭത്തിൽഎഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിന്റെ സന്നിധിയിൽ ജലധാരപോലെ നിന്റെ ഹൃദയത്തെ ചൊരിയുക. നാൽക്കവലകളിൽ വിശന്നു തളർന്നുവീഴുന്ന നിന്റെ മക്കളുടെ ജീവനുവേണ്ടി നീ അവിടുത്തേ സന്നിധിയിലേക്കു കൈകളുയർത്തുക (വിലാപങ്ങൾ 2:19).